# ആഹാര പാനീയങ്ങൾ: വിധി വിലക്കുകൾ

[ Malayalam –മലയാളം –مليالم]

﴿ حكم الأطعمة والأشربة ﴾

محمد بن إبراهيم التويجري

ശൈഖ് മുഹമ്മദുബ്നു ഇബ്റാഹീമുത്തുവൈജിരിയുടെ
''മുഖത്തസറുൽ ഫിഖ്ഹുൽ ഇസ്ലാമി ''
എന്ന ഗ്രന്ഥത്തിൽ നിന്ന്

ترجمة: حمزة الجمالي

പരിഭാഷ: ഹംസ ജമാലി

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض–المملكة العربية السعودية

islamhouse.com

1430 – 2009

بسم الله الرحمن الرحيم

الحمد لله، والصلاة والسلام على رسول الله.. وبعد:

## ആഹാര പാനീയങ്ങൾ :

അടിസ്ഥാനപരമായി നല്ലതും ഉപകാരമുള്ളതുമായ എല്ലാം അനുവദനീയവും മ്ലേഛവും ഉപദ്രവകരവുമായവയെല്ലാം നിഷിദ്ധവുമാണ്. അതവാ വിലക്കപ്പെട്ടതായി സ്ഥിരപ്പെട്ടതും പ്രത്യക്ഷമായി ഉപദ്രവമുള്ളതാണെന്ന് തെളിയിക്കപ്പെട്ടതുമല്ലാത്തവയെല്ലാം അനുവദനീയമാകുന്നു .

1. അപ്പോൾ ശരീരത്തിനും ജീവനും ഉപകാരപ്രദമായ ആഹാരപാനീയങ്ങളും വസ്ത്രവുമെല്ലാം അവമുഖേന മനുഷ്യർ അല്ലാഹുവിനെ വഴിപ്പെടുന്നതിൽ സഹായകമാകുന്നതിന്നായി അവൻ അനുവദിച്ചു തന്നിരിക്കുന്നു. അല്ലാഹു പറയുന്നു :

يَا أَيُّهَا النَّاسُ كُلُواْ مِمَّا فِي الأَرْضِ حَلاَلاً طَيِّباً وَلاَ تَتَّبِعُواْ خُطُوَاتِ الشَّيْطَانِ إِنَّهُ لَكُمْ عَدُوٌّ مُّبِينٌ ( البقرة : ١٦٨ )

മനുഷ്യരേ, ഭൂമിയിലുള്ളതിൽനിന്ന് അനുവദനീയവും, വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ച്കൊള്ളുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രു തന്നെയാകുന്നു. (ബഖറ : 168 )

2. ഉപദ്രവകരമായവയും അല്ലെങ്കിൽ ഉപകാരത്തേക്കാൾ ഉപദ്രവമുള്ളവയുമായ എല്ലാം അല്ലാഹു നിഷിദ്ധമാക്കയിരിക്കുന്നു. അപ്പോൾ എല്ലാ നല്ലതും അല്ലാഹു നമുക്ക് അനുവദിക്കുകയും ചീത്തയായവയെല്ലാം നിഷിദ്ധമാക്കുകയും ചെയ്യുന്നു. നബി(ﷺ)യുടെ ദൗത്യത്തെക്കുറിച്ച് അല്ലാഹു പറയുന്നു :

يَأْمُرُهُم بِالمَعْرُوفِ وَيَنْهَاهُمْ عَنِ المُنكَرِ وَيُحِلُّ لهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الخَبَآئِثَ ( الأعراف : ١٥٧ )

അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽനിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. ( അഅ്റാഫ് : 157 )

- **ഭക്ഷണം മനുഷ്യനിലുണ്ടാക്കുന്ന സ്വാധീനം**

മനുഷ്യൻ കഴിക്കുന്ന ഭക്ഷണം അവന്റെ സ്വഭാവത്തിലും പെരുമാറ്റത്തിലും സ്വാധീനിക്കുന്നതാണ്. നല്ല ഭക്ഷണം നല്ലതായും ചീത്തയായവ അതിന് വിപരീത ഫലവുമുണ്ടാക്കുന്നു. അതിനാൽ അല്ലാഹു അവന്റെ ദാസന്മാരോട് നല്ലത് ഭക്ഷിക്കാൻ കൽപിക്കുകയും മ്ലേഛമായവയെ അവർക്ക് നിഷിദ്ധമാക്കുകയും ചെയ്തു.

- **ആഹാര പാനീയങ്ങളിലെ അടിസ്ഥാന നിയമം :**

അടിസ്ഥാനപരമായി ആഹാരപാനീയങ്ങൾ അനുവദനീയമാകുന്നു. അപ്പോൾ ഉപദ്രവമില്ലാത്ത ശുദ്ധമായ മാംസം, ധാന്യം, പഴം, തേൻ, പാൽ, ഈത്തപ്പഴം പോലുള്ള എല്ലാ നല്ല ഭക്ഷ്യപദാർത്ഥങ്ങളും അനുവദനിയമാകുന്നു.

എന്നാൽ നജസുകളായശവം, ഒഴുക്കപ്പെട്ടരക്തം, ശരീരത്തിന് ഉപദ്രവകരമായ വിഷം , മദ്യം , കഞ്ചാവ്, ലഹരി വസ്തുക്കൾ , പുകയില തുടങ്ങിവ അനുവദനിയമല്ല. കാരണം അവ മ്ലേഛവും ശരീരത്തിനും ധനത്തിനും ബുദ്ധിക്കും നാശവുമാകുന്നു.

- **ഭക്ഷണത്തിന് ക്ഷണിക്കപ്പെട്ടാൽ**

1. ഒരു മുസ്ലിം തന്റെ സഹോദരനായ മറ്റൊരു മുസ്ലിമിന്റെയടുക്കൽ പ്രവേശിക്കുകയും അദ്ധേഹത്തിന്റെ ആഹാര പാനീയങ്ങളിൽ നിന്നും ആഗതനെ സൽകരിക്കുകയും ചെയ്താൽ അവയെക്കുറിച്ച് അന്വേഷിക്കാതെതന്നെ അവ കഴിക്കുകയും കുടിക്കുകയും ചെയ്യണമെന്നാണ് നബി ചര്യ.
2. ആതിഥ്യസൽകരണത്തിൽ ലോകമാന്യവും പ്രശസ്തിയും പെരുമയടിക്കുകയും ചെയ്യുന്നവരുടെ ക്ഷണം

സ്വീകരിക്കുകയോ അവരുടെ ഭക്ഷണം കഴിക്കുകയോ ചെയ്യേണ്ടതില്ല.

- **ഈത്തപ്പഴത്തിന്റെ മഹത്വങ്ങൾ**

മേത്തരം ഭക്ഷണങ്ങളിൽപ്പെട്ടതാണ് ഈത്തപ്പഴം. വിഷം, മാരണം എന്നിവയിൽ നിന്നുള്ള ഒരു സംരക്ഷണം കൂടിയാണത്. മദീനയിലെ ഈത്തപ്പഴമാണതിലേറ്റവും ഉത്തമം. പ്രത്യേകിച്ച് അജ്‌വ എന്നപേരിലറിയപ്പെടുന്നത്.

സഅ്ദുബ്നു അബീ വഖ്ഖാസ് (ﷺ) നിവേദനം നബി (ﷺ)പറഞ്ഞു :

« مَنْ تَصَبَّحَ كُلَّ يَوْمٍ سَبْعَ تَمَرَاتٍ عَجْوَةً لَمْ يَضُرُّهُ فِي ذَلِكَ الْيَوْمِ سُمٌّ وَلاَ سِحْرٌ » .(

صحيح البخارى : ٥٤٤٥ ومسلم : ٥٤٦٠)

എല്ലാ പ്രഭാതത്തിലും ഏഴ് അജ്‌വ (എന്ന ഈത്തപ്പഴം) കഴിക്കുന്നവന് അന്നത്തെ ദിവസം വിഷമോ , മാരണമോ ബാധിക്കുകയില്ല. ( ബുഖാരി : 5445, മുസ്‌ലിം : 5460 )

- **ഈത്തപ്പഴത്തിന്റെ പ്രയോജനങ്ങൾ**

ഈത്തപ്പഴം കരളിന് ശക്തിപകരുകയും, ശരീരപ്രകൃതി മൃതുലമാക്കുകയും, സമ്മർദ്ദം കുറക്കുകയും ചെയ്യുന്നു. ഇത് ശരീരത്തിന് ഏറ്റവുമതികം പോഷണം നൽകുന്നതും ധാരാളം സുഗർ അടങ്ങിയതും ഉമിനീരിൽ അത് തിന്നുന്നതുമൂലം പുഴുക്കളെ നശിപ്പിക്കുന്നതുമാണ്. അത് പഴവും, പോഷകവും, ഔഷധവും, മധുരവുമാകുന്നു.

- പഴകിയ ഈത്തപ്പഴം തിന്നുകയാണെങ്കിൽ അത് പരിശോധിക്കുകയും അതിലെ പുഴുവിനെ എടുത്തു കളയുകയും വേണം.

- **ഭക്ഷിക്കൽ നിഷിദ്ധമായ എല്ലാ ജീവികളും നജസാകുന്നു.**

പക്ഷെ, ഇനിപറയുന്ന മൂന്ന്തരം ജീവികൾ അവയിൽനിന്ന് ഒഴിവാകുന്നു.

1) മനുഷ്യൻ

2) ഒലിക്കുന്ന രക്തമില്ലാത്ത പ്രാണികൾ (എന്നാൽ കൂറകളെ പ്പോലെ നജസിൽ നിന്നുണ്ടാകുന്നവ ജീവനുണ്ടെങ്കിലും ഇല്ലെങ്കിലും അവ നജസുകളാകുന്നു. )

3) അകറ്റി നിറുത്തൽ പ്രയാസകരമായ  പൂച്ച , കഴുത പോലു ള്ളവ (എന്നാൽ  നായ ഇവയിൽനിന്നും ഒഴിവാകുന്നു)

## • നിഷിദ്ധമായ പറവകളും ജീവികളും :

നാടൻ കഴുത , പന്നി തുടങ്ങി മ്ലേഛമാണെന്ന് മതത്തിൽ സ്ഥിരപ്പെട്ടവ ,

പക്ഷികളിൽ നഖമുള്ളവയും മൃഗങ്ങളിൽ തേറ്റയുള്ള വയേയും പോലെ പ്രമാണം  വ്യക്തമാക്കിയ വർഗ്ഗത്തിലുള്ളവ.

പ്രാണികൾ , എലി തുടങ്ങി മ്ലേഛമായി അറിയപ്പെടുന്നവ

ഭക്ഷണമായി അനുവദിക്കപ്പെട്ട ജീവികളിൽ മലിന വസ്തുക്കളും വിസർജ്യങ്ങളും  പതിവായി തിന്നുന്നവ.

മതം വധിക്കാൻ കൽപിച്ച പാമ്പ് തേള് പോലുള്ളതും കൊല്ലു ന്നത് നിരോധിക്കപ്പെട്ട മരംകൊത്തി, പുള്ളി, തവള, ഉറുമ്പ് തേനീച്ച പോലുള്ളവയും.

ശവംതിന്നുന്നവയായി അറിയപ്പെടുന്ന കഴുകൻ, കാക്ക തുടങ്ങിയവ.

കോവർക്കഴുതപോലെ ഭക്ഷിക്കൽ അനുവദനിയമായവയും നിഷിദ്ധമായവയും തമ്മിൽ ഇണചേർന്നുണ്ടായവ. (പെൺകു തിരയും ആൺ കഴുതയും ഇണചേർന്നാണ് കോവർ കഴുത യുണ്ടാകുന്നത്. )

ശവമോ, അധർമ്മമോ ആയവ.  ( അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തത്  )

മതം അനുവധിക്കാത്ത അപകരിച്ചെടുത്തതും മോഷ്ടിച്ചെടുത്ത തുമായവ

## • വന്യമൃഗങ്ങൾ

സിംഹം, പുലി, ചെന്നായ്, ആന, പുള്ളിപ്പുലി, നായ, കുറുക്കൻ, പന്നി, നരി, മുതല, മുള്ളൻപന്നി, കുരങ്ങൻ പോലെ

തേറ്റയുള്ള മൃഗങ്ങളെ ഭക്ഷിക്കുന്നത് നിഷിദ്ധമാകുന്നു. എന്നാൽ കഴുതപ്പുലി തേറ്റയുള്ളതാണെങ്കിലും അത് നബി (ﷺ) അനുവദിച്ചിരിക്കുന്നു.

- **പറവകൾ**

കഴുകൻ , പ്രാപ്പിടിയൻ , വേട്ടയാടാനുപയോഗിക്കുന്ന പക്ഷികൾ ,പരുന്ത്, കൂമൻ തുടങ്ങി നഖങ്ങളുപയോഗിച്ച് വേട്ടയാടുന്ന പറവകൾ നിഷിദ്ധമാകുന്നു.

അപ്രകാരം ശവമോ, മാലിന്യമോ ഭക്ഷിക്കുന്ന കാക്ക, പൊന്മ, മരംകൊത്തി തുടങ്ങിയവ.

- **മറ്റു അനുവദനിയമായ പറവകളും ജീവികളും :**

1) മേൽ സൂചിപ്പിച്ചതും അതുപോലുള്ളതുമായ കരയിൽ ജീവിക്കുന്ന എല്ലാ ജീവികളും അനുവദനിയമാകുന്നു. അപ്പോൾ ആട്, മാട്, ഒട്ടകം എന്നീ മൃഗങ്ങളെ തിന്നൽ അനുവദനിയമാകുന്നു. അപ്രകാരം വരയൻകുതിര, കഴുതപ്പുലി, ഉടുമ്പ്, കാട്ടുപശു, മാൻ, വെള്ളമാൻ, മുയൽ, ജിറാഫ്, മറ്റു തേറ്റയില്ലാത്ത കാട്ടു മൃഗങ്ങളെല്ലാം അനുവദനിയമാകുന്നു.

2) മേൽസൂചിപ്പിച്ചതും അതുപോലുള്ളതുമായ എല്ലാതരം പറവകളും അനുവദനിയമാകുന്നു. അപ്പോൾ കോഴി, താറാവ്, അരയന്നം, പ്രാവ്, കാട്ടുപ്രാവ്, ഒട്ടകപ്പക്ഷി, രാപ്പാടിപ്പക്ഷി, കുരുവി, മയിൽ തുടങ്ങിയ വിവധ പക്ഷികൾ അനുവദിക്കപ്പെട്ടതാണ്.

ഇബ്നു അബ്ബാസ് (ﷺ) നിവേദനം : അദ്ദേഹം പറഞ്ഞു :

نَهَى رَسُولُ اللَّهِ ﷺ عَنْ كُلِّ ذِى نَابٍ مِنَ السِّبَاعِ وَعَنْ كُلِّ ذِى مِخْلَبٍ مِنَ الطَّيْرِ.

(صحيح مسلم : ٥١٠٣)

“നിശ്ചയം വന്യമൃഗങ്ങളിൽനിന്ന് തേറ്റയുള്ള എല്ലാതിനേയും പറവകളിൽനിന്ന് നഖമുള്ളതൊക്കെയും അല്ലാഹുവിന്റെ തിരുദൂതർ (ﷺ) നിരോധിച്ചിരിക്കുന്നു.” ( മുസ്‌ലിം : 5103 )

3) കടലിൽ മാത്രം ജീവിക്കുന്ന ചെറുതും വലുതുമായ എല്ലാ ജീവികളും അനുവദനിയമാകുന്നു. അല്ലാഹു തആല പറയുന്നു:

{المائدة:٩٦} [أُحِلَّ لَكُمْ صَيْدُ الْبَحْرِ وَطَعَامُهُ مَتَاعًا لَكُمْ وَلِلسَّيَّارَةِ......]

‘‘ നിങ്ങൾക്കും യാത്രാസംഘങ്ങൾക്കും ജീവിതവിഭവ മായിക്കൊണ്ട് കടലിലെ വേട്ട ജന്തുക്കളും സമുദ്രാഹാരവും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. (മാഇദ : 96 )

- **നിഷിദ്ധമായ ഭക്ഷണങ്ങൾ**

1) അല്ലാഹു തആല പറയുന്നു :

{الأنعام:١٢١} [وَلَا تَأْكُلُوا مِمَّا لَمْ يُذْكَرِ اسْمُ اللهِ عَلَيْهِ وَإِنَّهُ لَفِسْقٌ ....]

അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽനിന്ന് നിങ്ങൾ തിന്നരുത്. തീർച്ചയായും അത് അധർമ്മമാണ്. (അൻആം : 121 )

2) അല്ലാഹു തആല പറയുന്നു :

[حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنْزِيرِ وَمَا أُهِلَّ لِغَيْرِ اللهِ بِهِ وَالْمُنْخَنِقَةُ وَالْمَوْقُوذَةُ وَالْمُتَرَدِّيَةُ وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلَّا مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ وَأَنْ تَسْتَقْسِمُوا بِالْأَزْلَامِ ذَلِكُمْ فِسْقٌ .............] {المائدة:٣}

ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, അടിച്ചു കൊന്നത്, വീണു ചത്തത്, കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ( ജീവനോടെ ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കുമുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധമാകുന്നു. അമ്പുകളുപയോഗിച്ച് ഭാഗ്യം നോക്കലും ( നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) അതൊക്കെ അധർമ്മമാകുന്നു. മാഇദ : 3 )

- ജീവനുള്ള മൃഗത്തിന്റെ ശരീരത്തിൽനിന്ന് മുറിച്ചെടുക്കപ്പെട്ട ഭാഗം ശവമാണ് അത് തിന്നൽ അനുവദനിയമല്ല.

- **അനുവദനീയമായ ശവവും രക്തവും**

ശവവും ഒഴുകുന്ന രക്തവും ഭക്ഷിക്കാൻ പാടില്ലാത്ത നിഷിദ്ധങ്ങളാണ്. എന്നാൽ ഇവയിൽനിന്നും നബി (ﷺ) യിൽ നിന്നും സ്ഥിരപ്പെട്ടിട്ടുള്ളവ ഒഴിവാകുന്നു. അല്ലാഹുവിന്റെ ദൂതൻ അരുളുകയുണ്ടായി :

« أُحِلَّتْ لَنَا مَيْتَتَانِ وَدَمَانِ فَأَمَّا الْمَيْتَتَانِ فَالحُوتُ وَالجَرَادُ وَأَمَّا الدَّمَانِ فَالْكَبِدُ وَالطِّحَالُ »(.رواه أحمد : ٥٨٥٦ وصحيح سنن ابن ماجه : ٣٣١٤ )

രണ്ടുതരം ശവങ്ങളും രണ്ടിനം രക്തങ്ങളും നമുക്ക് അനുവദിക്കപ്പെട്ടതാണ് വെട്ടുകിളിയും മത്സ്യവുമാണ് ആ ശവങ്ങൾ. കരളും പ്ലീഹയുമാണ് ആ ഇരു രക്തങ്ങൾ. ( അഹ്മദ് : 5856, സ്വഹീഹു ഇബ്നുമാജഃ : 3314 )

- **ഭക്ഷണത്തിൽ ചേർക്കുന്ന എണ്ണ :**

ഭക്ഷണങ്ങളിലും ചോക്ലെറ്റിലുമെല്ലാം ഉപയോഗിക്കുന്ന എണ്ണ, കൊഴുപ്പ്, നെയ്യ്, ജലാറ്റീൻ പോലുള്ളവ നജസുകലരാത്തതും സസ്യങ്ങളിൽനിന്നുള്ളതുമാണെങ്കിൽ അവ അനുവദനിയമാകുന്നു. എന്നാൽ പന്നി, ശവം പോലെ നിഷിദ്ധമായവയിൽനിന്ന് നിർമ്മിച്ചതാണെങ്കിൽ അവയും നിഷിദ്ധമായതാകുന്നു.

ഭക്ഷിക്കൽ അനുവദനിയമായ ജീവിയുടെതും മതനിയമ പ്രകാരം അറുക്കപ്പെട്ടതും നജസു കലർത്തപ്പെടാത്തതു മാണെങ്കിൽ അതനുവദനിയമാകുന്നു. അതല്ലാത്ത പക്ഷം നിഷിദ്ധവുമാകുന്നു.

- **ജല്ലാലഃ ( വിസർജ്യങ്ങൾ ഭക്ഷിക്കുന്നവ )**

കൂടുതലായും വിസർജ്യങ്ങൾ ഭക്ഷിക്കുന്ന കോഴികളേയും, കന്നുകാലികളെയും അവ ഭക്ഷിക്കുന്നതിൽനിന്നും തടഞ്ഞുവെച്ച് ശുദ്ധമായ ഭക്ഷണം നൽകി അത് ശുദ്ധിയായിരിക്കുന്നുവെന്ന് ഉപറപ്പാകുന്നതുവരെ അവയുടെ മാംസം, പാല്, മുട്ട തുടങ്ങിയവ ഭക്ഷിക്കലും അവയെ വാഹനമായി ഉപയോഗിക്കലും നിഷിദ്ധമാകുന്നു.

- **നിഷിദ്ധമായവ അനുവദിക്കപ്പെടുന്നതെപ്പോൾ :**

വിഷമല്ലാത്ത ഭക്ഷിക്കൽ നിഷിദ്ധമായവ ഭക്ഷിക്കാൻ നിർബന്ധിതനായാൽ അവന്റെ ജീവൻ നിലനിർത്താൻ മാത്രം അവ അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു :

[إِنَّمَا حَرَّمَ عَلَيْكُمُ الْمَيْتَةَ وَالدَّمَ وَلَحْمَ الْخِنزِيرِ وَمَا أُهِلَّ بِهِ لِغَيْرِ اللهِ فَمَنِ اضْطُرَّ غَيْرَ بَاغٍ وَلاَ عَادٍ فَلا إِثْمَ عَلَيْهِ إِنَّ اللهَ غَفُورٌ رَّحِيمٌ ] المائدة : ١٧٣ )

ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്കായി പ്രഖ്യാപിക്കപ്പെട്ടത് എന്നിവ മാത്രമേ അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളൂ. ഇനി ആരെങ്കിലും (നിഷിദ്ധമായത് ഭക്ഷിക്കുവാൻ ) നിർബന്ധിതനായാൽ അവന്റെ മേൽ കുറ്റമില്ല. ( എന്നാൽ ) അവൻ നിയമലംഘനത്തിനു മുതിരാതിരിക്കുകയും ( അനിവാര്യതയുടെ ) പരിധി കവിയാതിരിക്കുകയും വേണം. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (മാഇദ : 173 )

## ● മദ്യം

1) ഇബ്നു ഉമർ (ﷺ) നിവേദനം : നബി (ﷺ) പറഞ്ഞു :

« كُلُّ مُسْكِرٍ خَمْرٌ وَكُلُّ مُسْكِرٍ حَرَامٌ ...». (صحيح مسلم :٥٣٣٦)

ലഹരിയുണ്ടാക്കുന്നതൊക്കെ മദ്യമാണ്. എല്ലാ മദ്യവും നിഷിദ്ധമാണ്. ( മുസ്ലിം : 5336 )

2) ഉമർ (ﷺ) നിവേദനം : നബി (ﷺ) പറഞ്ഞു :

« مَنْ كَانَ يُؤْمِنُ بِاللهِ وَالْيَوْمِ الآخِرِ فَلاَ يَقْعُدَنَّ عَلَى مَائِدَةٍ يُدَارُ عَلَيْهَا بِالْخَمْرِ

( مسند أحمد: ١٢٧ وصحيح الترمذي : ٢٨٠١ )

അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ മദ്യം വിളമ്പുന്ന തീൻ മേശയിൽ ഇരിക്കാതിരിക്കട്ടെ. ( അഹ്മദ് : 127, സ്വഹീഹുത്തിർമിദി: 2801 )

## ● മദ്യപാനത്തിന്റെ ശിക്ഷ

1) ഇബ്നു ഉമർ (ﷺ) നിവേദനം : നബി (ﷺ) പറഞ്ഞു :

« كُلُّ مُسْكِرٍ خَمْرٌ وَكُلُّ مُسْكِرٍ حَرَامٌ وَمَنْ شَرِبَ الخَمْرَ فِي الدُّنْيَا فَمَاتَ وَهُوَ يُدْمِنُهَا لَمْ يَتُبْ لَمْ يَشْرَبْهَا فِي الآخِرَةِ ».(مسلم : ٥٣٣٦)

ലഹരിയുണ്ടാക്കുന്നതൊക്കെ മദ്യമാണ്. എല്ലാ മദ്യവും നിഷിദ്ധമാണ്. ആരെങ്കിലും ദുനിയാവിൽവെച്ച് മദ്യപിക്കുകയും അത് ശീലമാക്കികൊണ്ട് പശ്ചാതപിക്കാതെ മരണമടയുകയും ചെയ്താൽ പരലോകത്ത് അത് കുടിക്കുകയില്ല. (മുസ്ലിം : 5336 )

2) ജാബിർ (ﷺ) നിവേദനം നബി (ﷺ) അരുളി :

« كُلُّ مُسْكِرٍ حَرَامٌ إِنَّ عَلَى اللهَّ عَزَّ وَجَلَّ عَهْدًا لِمَنْ يَشْرَبُ المُسْكِرَ أَنْ يَسْقِيَهُ مِنْ طِينَةِ الخَبَالِ » . قَالُوا يَا رَسُولَ اللهَّ وَمَا طِينَةُ الخَبَالِ قَالَ « عَرَقُ أَهْلِ النَّارِ أَوْ عُصَارَةُ أَهْلِ النَّارِ » . ( صحيح مسلم :٥٣٣٥)

ലഹരിയുണ്ടാക്കുന്ന സർവ്വ പാനീയവും നിഷിദ്ധമാണ്. ലഹരി പദാർത്ഥം ഉപയോഗിക്കുന്നവരെ ത്വീനത്തുൽ ഖബാൽ കുടിപ്പിക്കുമെന്ന് അല്ലാഹു അവന്റെ മേൽ ശപഥം ചെയ്തിരിക്കുന്നു. സഹാബികൾ ചോദിച്ചു : എന്താണ് ത്വീനത്തുൽ ഖബാൽ? തിരുമേനി അരുളി : നരകവാസികളുടെ വിയർപ്പ് അല്ലെങ്കിൽ അവരുടെ ശരീരത്തിൽ നിന്നു ഊറിവരുന്ന വൃത്തികെട്ട ദ്രാവകം. (മുസ്ലിം : 2002 )

- **മദ്യവുമായി ബന്ധപ്പെട്ട് ശപിക്കപ്പെട്ടവർ**
- അനസുബ്നു മാലിക് (ﷺ) നിവേദനം അദ്ദേഹം പറഞ്ഞു:

لَعَنَ رَسُولُ اللهَّ ﷺ فِي الخَمْرِ عَشَرَةً عَاصِرَهَا وَمُعْتَصِرَهَا وَشَارِبَهَا وَحَامِلَهَا وَالمَحْمُولَةَ إِلَيْهِ وَسَاقِيَهَا وَبَائِعَهَا وَآكِلَ ثَمَنِهَا وَالمُشْتَرِي لَهَا وَالمُشْتَرَاةَ لَهُ.

(سنن الترمذى:١٣٤٢ وابن ماجة : ٣٥٠٦ )

റസൂൽ ﷺ മദ്യത്തിന്റെ കാര്യത്തിൽ പത്തു വിഭാഗത്തെ ശപിച്ചിരിക്കുന്നു. അത് നിർമ്മിക്കുന്നവൻ, നിർമ്മിക്കാൻ ആവശ്യപ്പെടുന്നവൻ, കുടിക്കുന്നവൻ, ചുമക്കു

ന്നവൻ, ചുമക്കാൻ ആവശ്യപ്പെടുന്നവൻ, കുടിപ്പിക്കുന്നവൻ , വിൽക്കുന്നവൻ, അതിന്റെ വില തിന്നുന്നവൻ, വരുത്തിക്കുടിക്കുന്നവൻ എന്നിവരാണ് അവർ. ( സ്വഹീഹു ത്തുർമുദി : 1295, ഇബ്നുമാജഃ : 3380 )

- ഈത്തപ്പഴം മുന്തിരിപോലുള്ള പഴങ്ങൾ അവയുടെ ഉപ്പുരസം ഇല്ലാതായി മധുരമുള്ളതാവാൻ വെള്ളത്തിലിട്ടു കുതിർത്തുന്നവ ലഹരിയില്ലാത്തതാണെങ്കിൽ മൂന്ന് ദിവസം വരെ കുടിക്കൽ അനുവദനിയമാണ്.

- **മറ്റൊരാളുടെ ധനം തിന്നുന്നതിന്റെ മതവിധി**

  കാവൽക്കാരോ , പ്രത്യേകം വേലികളോയില്ലാത്തതോ ആയ ഒരു തോട്ടത്തിലൂടെ നടക്കുന്ന ആവശ്യക്കാരന് അതിലെ നിലത്ത് വീണതിൽനിന്നും മരത്തിൽ നിന്നുമെല്ലാം പഴങ്ങൾ തിന്നുന്നത് അനുവദനിയമാകുന്നു. എന്നാൽ കൊണ്ടു പോകാൻ പാടുള്ളതല്ല. പക്ഷെ ആവശ്യമില്ലാതെയാണ് എടുത്തതെങ്കിൽ അതിന്റെ ഇരട്ടിവില പിഴയും ശിക്ഷയുമുണ്ടായിരിക്കുന്നതാണ്.

- **നിഷിദ്ധമായപാത്രങ്ങളിൽതിന്നലും കുടിക്കലും**

  സ്വർണ്ണവും വെള്ളിയും അവരണ്ടും പൂശിയതുമായ പാത്രങ്ങളിൽ ഭക്ഷണ കഴിക്കുന്നത് സ്ത്രീക്കും പുരുഷനും ഒരുപോലെ നിഷിദ്ധമാണ്. നിഷിദ്ധമായവകൊണ്ട് ആഹരിച്ച ഒരു ശരീരവും സ്വർഗത്തിൽ പ്രവേശിക്കുകയോ അവന്റെ പ്രാർത്ഥന സ്വീകരിക്കുന്നതോ അല്ല.

- **ഈച്ച പാത്രത്തിൽ വീണാൽ**

**അബൂഹുറൈറ ﷺ നിവേദനം റസൂൽ ﷺ പറഞ്ഞു :**

– « إِذَا وَقَعَ الذُّبَابُ فِى إِنَاءِ أَحَدِكُمْ ، فَلْيَغْمِسْهُ كُلَّهُ ، ثُمَّ لِيَطْرَحْهُ ، فَإِنَّ فِى أَحَدِ جَنَاحَيْهِ شِفَاءً وَفِى الآخَرِ دَاءً » .(صحيح البخارى : ٥٧٨٢)

നിങ്ങളിലൊരാളുടെ പാത്രത്തിൽ ഈച്ചവീണാൽ അതിനെ പൂർണ്ണമായും മുക്കിയ ശേഷം എറിഞ്ഞുകൊള്ളട്ടെ. കാരണം അതിന്റെ ഒരു ചിറകിൽ ശമനവും മറുചിറകിൽ രോഗവുണ്ട്. ( ബുഖാരി : 5782 )

# അറവ്

- **അറവ് :** കരയിൽ ജീവിക്കുന്ന ഭക്ഷിക്കപ്പെടുന്ന മൃഗത്തിന്റെ അന്നനാളവും ഗളനാളവും കണ്ഠത്തിലെ ഇരു രക്തനാഡിയോ അല്ലെങ്കിൽ ഒന്നോ മുറിക്കലാണത്. അതുമല്ലെങ്കിൽ ഇടഞ്ഞു നിൽക്കുന്ന അറുക്കാൻ പ്രായസമുള്ള മൃഗത്തെ മുറിവേൽപ്പിക്കൽ.

- **അറുക്കേണ്ട രൂപം :** ഒട്ടകത്തെ അതിന്റെ ഇടതുകൈ കെട്ടിയനിലയിൽ നിറുത്തികൊണ്ട് നെഞ്ചിനും കഴുത്തിനുമിടക്കുള്ള കുഴിയിൽ മൂർച്ചയുള്ള ആയുധംകൊണ്ട് കുത്തിക്കൊണ്ടും മറ്റു മൃഗങ്ങളെ ഇടതു ഭാഗത്തിനുമേൽ ചെരിച്ചുകിടത്തിയുമാണ് അറുക്കേണ്ടത്. മൃഗങ്ങളെ അമ്പെയ്ത്തിനുള്ള ഉരുവാക്കുന്നത് നിഷിദ്ധമാകുന്നു.

- ഗർഭസ്ഥ ശിശുവെ സംബന്ധിച്ചിടത്തോളം അതിന്റെ മാതാവിനെ അറുക്കുന്നത് മതിയാകുന്നതാണ്. എന്നാൽ കുഞ്ഞ് ജീവനോടെയാണ് പുറത്തുവന്നതെങ്കിൽ അതിനെ അറുക്കാതെ അതനുവദനിയമാകുകയില്ല.

- **നിബന്ധനകൾ :**

1) അറുക്കുന്നവ്യക്തി : അറുക്കുന്നവ്യക്തി ബുദ്ധിയുള്ള മുസ്‌ലിമോ വേദക്കാരോ ആയിരിക്കണം. അതിൽ സ്ത്രീപുരുഷ വ്യതാസമില്ല. പ്രത്യുത ആർക്കും അറുക്കാവുന്നതാണ്. അപ്പോൾ സ്വബോധം നഷ്ടപ്പെട്ടവൻ ഭ്രാന്തൻ, വേദക്കാരനല്ലാത്ത ബഹുദൈവ വിശ്വാസി എന്നിവർ അറുത്താൽ അനുവദനിയമാകുകയില്ല.

2) ആയുധം : പല്ലും നഖവുമല്ലാത്ത രക്തം ഒഴുക്കുന്ന മൂർച്ചയുള്ള ആയുധംകൊണ്ടായിരിക്കണം അറുക്കേണ്ടത്.

3) അന്നനാളവും ഗളനാളവും മുറിച്ച് രക്തമൊഴുക്കൽ അതോടൊപ്പം ഇരു രക്തനാഡികളും കൂടി മുറിക്കുന്നതാണ് പൂർണ്ണമായ അറവ് .

4) അറുക്കുന്ന അവസരത്തിൽ ദൈവനാമം (ബിസ്മില്ലാഹി ) എന്ന് ഉച്ചരിക്കണം. മനഃപ്പൂർവ്വമല്ലാതെ ബിസ്മി ചൊല്ലാൻ മറന്നതാണെങ്കിൽ വിരോധമില്ല.

5) ഹറമിൽവെച്ചോ, ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ചയാളോ വേട്ടയാടുന്നതുപോലെ അല്ലാഹു നിഷിദ്ധമാക്കിയത് വേട്ടയാടാതിരിക്കൽ.

- **വിവിധ ശവങ്ങൾ**

- ശ്വാസം മുട്ടിയോ, തലക്കടിച്ചോ , വൈദ്യുതാഘാതമേറ്റോ, തിളച്ച വെള്ളത്തിൽ മുക്കിയോ, ശ്വാസംമുട്ടുന്ന ഗ്യാസ് മൂലമോ ചത്തവയെല്ലാം തിന്നൽ അനുവദനിയമല്ലാത്ത നിഷിദ്ധമായവയാകുന്നു. കാരണം ഇത്തരം സന്ദർഭങ്ങളിൽ മൃഗത്തിന്റെ രക്തം മാംസവുമായി കെട്ടിനിൽക്കുകയും അത് ഭക്ഷിക്കുന്നത് മൂലം മനുഷ്യന് ഉപദ്രവമാവുകയും ചെയ്യുന്നു. മാത്രവുമല്ല അത് ശവങ്ങളെപ്പോലെ പ്രവാചകചര്യയ്ക്ക് വിരുദ്ധമായ നിലയിലാണ് ജീവൻ നഷ്ടപ്പെട്ടിരിക്കുന്നത്.

- **വേദക്കാരറുത്തത്**

1) വേദക്കാരായ ജൂതക്രിസ്ത്യാനികൾ അറുത്തത് ഭക്ഷിക്കൽ അനുവദനിയമാകുന്നു. അല്ലാഹു പറയുന്നു :

[ الْيَوْمَ أُحِلَّ لَكُمُ الطَّيِّبَاتُ وَطَعَامُ الَّذِينَ أُوتُواْ الْكِتَابَ حِلٌّ لَّكُمْ وَطَعَامُكُمْ حِلُّ لَّهُمْ

(المائدة : ٥ ) ]

എല്ലാ നല്ലവസ്തുക്കളും ഇന്ന് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക് അനുവദനീയമാണ്. നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്.( മാഇദഃ : 5 )

2) ശ്വാസംമുട്ടിച്ചോ , വൈദ്യുതാഘാതമേൽപിച്ചോ മറ്റോ ഇസ്‌ലാമിൽ അനുവദനീയമല്ലാത്ത രീതിയിലാണ് വേദക്കാർ അറുത്തത് എന്ന് ഒരു മുസ്‌ലിം അറിഞ്ഞാൽ പിന്നെ അത് ഭക്ഷിക്കൽ അനുവദനിയമാവുകയില്ല. വേദക്കാരല്ലാത്ത ഇതര മതസ്ഥർ അറുത്തത് ഭക്ഷിക്കൽ ഒരു നിലക്കും മുസ്‌ലിമിന് അനുവദനിയവുമല്ല.

- **അറുക്കൽ പ്രയാസമായവ**

അറുക്കൽ പ്രയാസമായ വേട്ടയാടപ്പെടുന്നതും അല്ലാത്തതുമായ മൃഗങ്ങളുടെ ശരീരത്തിൽ എവിടെയെങ്കിലും മുറിവേൽപിച്ചാൽ മതിയാകും. അനാവശ്യമയി മൃഗങ്ങളെ വധിക്കുന്നത് നിഷിദ്ധമാകുന്നു.

- **വേദക്കാരറുത്തത് ഭക്ഷിക്കുന്നതിനുള്ള നിബന്ധന**
  അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ടാണ് വേദക്കാരറുത്തത് എന്ന് ഒരു മുസ്‌ലിമിന് അറിഞ്ഞാൽ അത് ഭക്ഷിക്കൽ അനുവദനിയമാകുന്നു. അല്ലാഹുവിന്റെ നാമം ഉച്ചരിച്ചിട്ടില്ല എന്നറിയുകയാണെങ്കിൽ അത് ഭക്ഷിക്കൽ അനുവദനിയമാവുകയില്ല. അല്ലാഹുവിന്റെ നാമം ഉച്ചരിച്ചിട്ടുണ്ടോ ഇല്ലേ എന്ന് അറിയാത്ത അവസ്ഥയിൽ ഭക്ഷിക്കൽ അനുവദനിയമാകുന്നു. കാരണം പൊതുവെ വേദക്കാരറുത്തത് അനുവദനിയമാണെന്നതാണ് അടിസ്ഥാനം. അത്കൊണ്ട് തന്നെ അത് അറുത്തതെങ്ങിനെ എന്ന് അന്വേഷിക്കുകയോ ചോദിച്ചറിയാതിരിക്കുകയോ ചെയ്യലാണ് ഉത്തമം.

- മത്സ്യം വെട്ടുകിളി എന്നിവയല്ലാത്ത ഒരു മൃഗത്തേയും അറുക്കാതെ ഭക്ഷിക്കൽ അനുവദനിയമല്ല. അപ്രകാരം വെള്ളത്തിൽ മാത്രം ജീവിക്കുന്നവയെ അറുക്കാതെത്തന്നെ ഭക്ഷിക്കാവുന്നതാണ്.

- വേട്ടയാടപ്പെട്ടവ: കരയിൽ ജീവിക്കുന്ന മൃഗങ്ങളും പറവകളും അനുവദനിയമാകാൻ അറവ്, അല്ലാഹുവിന്റെ നാമമുച്ചരിക്കൽ എന്നീ രണ്ടുനിബന്ധനകളുണ്ട്.

- **മറ്റൊരാൾക്കുവേണ്ടി അറുക്കുന്നതിന്റെ വിധി**

  മരണപ്പെട്ട ഒരാൾക്ക് പ്രതിഫലം ലഭിക്കുന്നതിന്നായി തിന്നപ്പെടുന്ന കന്നു കാലികളിൽനിന്നും വല്ല മൃഗത്തേയും അറുത്ത് ധർമ്മം ചെയ്യുന്നതിന് വിരോധമില്ല. എന്നാൽ ഇത് ആ മരണപ്പെട്ട വ്യക്തിയോടുള്ള ആദരവ് മൂലമാണെങ്കിൽ വൻപാപമായ ശിർക്ക് ചെയ്തവനായിത്തീരുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ അറുത്ത വ്യക്തിക്കോ മറ്റുള്ളവർക്കോ അത് ഭക്ഷിക്കൽ അനുവദനിയമാവുകയില്ല.

- **ബലിമൃഗത്തിനോട് കരുണകാണിക്കുന്ന രീതി**
  മൂർച്ചയുള്ള ആയുധം കൊണ്ടായിരിക്കണം അറുക്കേണ്ടത്. മൂർച്ചിയില്ലാത്ത ആയുധംകൊണ്ട് അറുത്ത് മൃഗത്തെ വേദനിപ്പിക്കരുത്. കൂടയുള്ള മറ്റു മൃഗങ്ങൾ കണ്ട് ഭയപ്പെടുന്ന രീതിയിൽ അറുക്കാതിരിക്കുക. ഉരുവിന്റെ സമീപത്ത്വെച്ച് ആയുധം മൂർച്ചകൂട്ടാതിരിക്കുക. ജീവൻ വേർപിരിയുന്നതിനു മുമ്പ് തല ഒടിക്കുക, തൊലിയുരിയുക, അവയവങ്ങൾ മുറിച്ചു മാറ്റുക തുടങ്ങി മൃഗത്തിന് വേദനിക്കുന്ന പ്രവർത്തികൾ ചെയ്യാതിരിക്കുക. അപ്രകാരം ഒട്ടകത്തെ നിറുത്തികൊണ്ട്

നെഞ്ചിനും കഴുത്തിനുമിടക്കുള്ള കുഴിയിൽ കുത്തിക്കൊണ്ടും മറ്റു മൃഗങ്ങളെ അറുക്കുകയുമാണ് ചെയ്യേണ്ടത്.

ശദ്ദാദു ബിൻ ഔസ് ﷺ നിവേദനം : അദ്ദേഹം പറഞ്ഞു നബി ﷺ യിൽനിന്നും രണ്ടുകാര്യങ്ങൾ ഞാൻ മനഃപ്പാഠമാക്കിയിരിക്കുന്നു. അവിടുന്ന് ഇങ്ങനെ അരുളിയിരിക്കുന്നു :

إِنَّ اللهَّ كَتَبَ الْإِحْسَانَ عَلَى كُلِّ شَيْءٍ فَإِذَا قَتَلْتُمْ فَأَحْسِنُوا الْقِتْلَةَ وَإِذَا ذَبَحْتُمْ فَأَحْسِنُوا الذَّبْحَ وَلْيُحِدَّ أَحَدُكُمْ شَفْرَتَهُ فَلْيُرِحْ ذَبِيحَتَهُ (مسلم : ٣٦١٥ )

നിശ്ചയം അല്ലാഹു എല്ലാ കാര്യത്തിലും നന്മയെ നിശ്ചയിച്ചു. അതിനാൽ നിങ്ങൾ കുറ്റവാളിയെ വധിക്കുകയാണെങ്കിൽ ആ വധം നല്ല രൂപത്തിൽ ചെയ്യുക. നിങ്ങൾ ഉരുവിനെ അറുക്കുകയാണെങ്കിൽ ആ അറവ് നല്ല രീതിയിൽ ചെയ്യുക. നിങ്ങളിലൊരാൾ അവന്റെ കത്തി മൂർച്ചകൂട്ടുകയും ഉരുവിന് ആശ്വാസം നൽകുകയും ചെയ്യട്ടെ. ( മു 3615 )

മൃഗത്തെ ഖിബ്‌ലക്ക് അഭിമുഖമായി കിടത്തലും അപ്രകാരം ബിസ്മിയോടൊപ്പം അല്ലാഹു അക്ബർ എന്നുകൂടി പറയലും സുന്നത്താകുന്നു. അപ്പോൾ ‘ ബിസ്മില്ലാഹി അല്ലാഹു അക്ബർ ’ എന്നാണ് പറയേണ്ടത് .

## വേട്ടയാടൽ

പ്രകൃത്യാ ഇണങ്ങാത്ത തനിക്കധീനപ്പെടാത്ത തിന്നൽ അനുവദനീയമായ മൃഗങ്ങളെ പ്രത്യേക ആയുധമുപയോഗിച്ചുകൊണ്ട് വേട്ടയാടിപ്പിടിക്കലാണത്.

- **വേട്ടയാടുന്നതിന്റെ മതവിധി :** പൊതുവെ വേട്ടയാടൽ അനുവദനീയമാണെന്നതാണ് മതവിധി. എന്നാൽ വിശുദ്ധ ഹറമിൽവെച്ച് വേട്ടയാടുന്നതും ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ച വ്യക്തിക്ക് കരയിൽവെച്ച് പൊതുവെയും വേട്ടയാടൽ നിഷിദ്ധമാകുന്നു.
  അല്ലാഹു പറയുന്നു :

أُحِلَّ لَكُمْ صَيْدُ الْبَحْرِ وَطَعَامُهُ مَتَاعًا لَّكُمْ وَلِلسَّيَّارَةِ وَحُرِّمَ عَلَيْكُمْ صَيْدُ الْبَرِّ مَا دُمْتُمْ حُرُمًا وَاتَّقُواْ اللّهَ الَّذِيَ إِلَيْهِ تُحْشَرُونَ ( المائدة : ٩٦ )

നിങ്ങൾക്കും യാത്രാസംഘങ്ങൾക്കും ജീവിത വിഭവമായിക്കൊണ്ട് കടലിലെ വേട്ടജന്തുക്കളും സമുദ്രാഹാരവും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇഹ്റാമിലായിരിക്കുമ്പോഴൊക്കെയും കരയിലെ വേട്ട ജന്തുക്കൾ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. എതൊരുവനിലേക്കാണോ നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത് ആ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. ( മാഇദ : 96 )

- **വേട്ടയാടപ്പെടുന്ന ഉരുവിന്റെ അവസ്ഥ :**

വേട്ടയാടപ്പെടുന്ന ഉരുവിന് രണ്ടവസ്ഥകളാണുള്ളത്.

1) ജീവനോടെ പിടിക്കപ്പെടുന്നത്.. ഇവയെ മതനിയമപ്രകാരം അറുക്കേണ്ടതാകുന്നു.

2) വേട്ടയാടപെട്ടതിനാൽ കൊല്ലപ്പെട്ട അവസ്ഥയിൽ, അല്ലെങ്കിൽ ജീവൻ അറ്റുപോകുമെന്ന അവസ്ഥയിൽ ജീവനോടെ. ഇവ വേട്ടയാടുന്നതിന്റെ നിബന്ധനകളൊത്തുവന്നാൽ അനുവദനീയമാകുന്നു.

- **വേട്ടമൃഗം അനുവദനിയമാകാനുള്ള നിബന്ധനകൾ**

1) വേട്ടയാടുന്നയാൾ അറുക്കൽ അനുവദനിയമായ പ്രായപൂർത്തിയും വകതിരിവുമുള്ള മുസ്‌ലിമോ, വേദക്കാരോ ആയിരിക്കുക.

2) ആയുധം: ഇത് രണ്ടിനമുണ്ട്.

ഒന്ന്: പല്ലും നഖവുമല്ലാത്ത രക്തമൊഴുക്കുന്ന മൂർച്ചയുള്ളവ.

രണ്ട് : മുറിവേൽപ്പിക്കുന്ന നായ പക്ഷി തുടങ്ങിയവ. ഇവ വേട്ടപ്പക്ഷി, വേട്ടനായപോലെ പ്രത്യേകം പരിശീലനം നൽകിയതാണെങ്കിൽ അവ വധിച്ചത് തിന്നുന്നത് അനുവദനിയമാണ്.

3) വേട്ടനായ, വേട്ടപ്പക്ഷി തുടങ്ങിയവയെ വേട്ടയാടുകയാ ണെന്ന ഉദ്ദേശത്തോടെ അയക്കുക.

4) ആയുധമുപയോഗിക്കുമ്പോൾ അല്ലങ്കിൽ വേട്ടമൃഗത്തെ അഴിച്ചുവിടുമ്പോൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. മനഃപ്പൂർവ്വമല്ലാതെ ബിസ്മി ചൊല്ലാൻ മറന്നാൽ വിരോധമില്ല.

5) മതത്തിൽ അനുവദിക്കപ്പെട്ടതായിരിക്കണം. അപ്പോൾ വിശുദ്ധ ഹറമിൽവെച്ച് വേട്ടയാടപ്പെട്ടതും ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ച വ്യക്തി കരയിൽവെച്ച് വേട്ടയാടിയതും നിഷിദ്ധമാകുന്നു.

- ## നായവളർത്തുന്നതിന്റെ വിധി

  കാലികളേയും കൃഷിയേയും സംരക്ഷിക്കാനോ വേട്ടക്കോ അല്ലാതെ നായയെ വളർത്തുന്നത് നിഷിദ്ധമാകുന്നു. കാരണം അത് ജനങ്ങളെ ഭയപ്പെടുത്തുന്നതും മലക്കുകൾ പ്രവേശിക്കുന്നതിന് തടസ്സമാവുകയും ചെയ്യും. മാത്രവുമല്ല അത് മ്ലേഛവും മാലിന്യവുമടങ്ങിയതാകുന്നു. അതോടൊപ്പം മേൽപറഞ്ഞ ആവശ്യങ്ങൾക്കല്ലാതെയാണ് നായയെ വളർത്തുന്നതെങ്കിൽ അവന്റെ കർമ്മത്തിൽനിന്ന് എല്ലാ ദിവസവും രണ്ട് ക്വീറാത്ത് കുറയുന്നതുമാകുന്നു.

- വേട്ടനായ വേട്ടയാടുകയോ അല്ലെങ്കിൽ അതിന്റെ വായ കൊണ്ട് പിടിക്കുകയോ ചെയ്താൽ അത് ഏഴുപ്രാവശ്യം കഴുകൽ നിർബന്ധമില്ല. കാരണം വേട്ടക്കുവേണ്ടി നായയെ ഉപയോഗിക്കൽ ഇളവ് നൽകപ്പെട്ടതാകുന്നു.

- തൂവൽ പിടിപ്പിക്കാത്ത വടിപോലുള്ള അമ്പുകൊണ്ട് വേട്ട യാടിയാൽ അതിന്റെ മുനകൊണ്ടാണ് വേട്ടയാടിയതാണെങ്കിൽ അത് അനുവദനിയമാകുന്നു. അതിന്റെ പാർശ്വം തട്ടിയിട്ട് കൊല്ലപ്പെട്ടതാണെങ്കിൽ അത് അടിയേറ്റ് ചത്തതിന്റെ ഇനത്തിലായതിനാൽ തിന്നൽ അനുവദനിയമല്ല.

- തനിക്കോ മറ്റുള്ളവർക്കോ യാതൊരാവശ്യവുമില്ലാത്ത മൃഗങ്ങളെ വെറുതെ നേരംപോക്കിനായി വേട്ടയാടി വെലിച്ചെറിയുന്നത് ഹറാമാകുന്നു. കാരണം അത് ധനം നഷ്ടപ്പെടുത്തലും അനാവശ്യമായി ജീവൻ ഹനിക്കലുമാ കുന്നു.

- അറുക്കപ്പെട്ടതോ വേട്ടയാടപ്പെട്ടതോ ആയ പക്ഷികളുടേയും മൃഗങ്ങളുടേയും ജീവൻ നഷ്ടപ്പെടുന്നതിന്റെമുമ്പായി

ഒഴുകുന്ന രക്തം നജസായതിനാൽ അത് ഉപയോഗിക്കാൻ പാടുള്ളതല്ല.

- അപകരിച്ചെടുക്കപ്പെട്ടതോ മോഷ്ടിക്കപ്പെട്ടതോ ആയ ആയുധം കൊണ്ട് വേട്ടയാടപ്പെട്ടത് അനുവദനിയമാകുന്നു. പക്ഷെ വേട്ടയാടിയ വ്യക്തി കുറ്റക്കാരനാകുമെന്ന് മാത്രം.
- നമസ്കാരം ഉപേക്ഷിക്കുന്നവൻ അറുത്തതും വേട്ടയാടിയതും തിന്നൽ അനുവദനിയമല്ല. കാരണം അയാൾ അവിശ്വാസിയാകുന്നു.
- കുട്ടികളെ സ്വാന്തനപ്പെടുത്തുന്നതിന്നായി പറവകളെ വേട്ട യാടുന്നത് അനുവദനിയമാകുന്നു. പക്ഷെ ഉപദ്രവമുണ്ടാകാതിരിക്കാനും തിന്നാതെ അവയെ അവഗണിക്കുന്നതിൽനിന്നും അവരെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.
- തമാശയിലോ മറ്റോ നിരപരാധിയായ ഒരാളുടെ നേരെ ആയുധമോങ്ങൽ നിഷിദ്ധമാകുന്നു.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين